പി..എസ്.സിയുടെ മെറിറ്റ് അട്ടിമറിക്ക് 'ശാസ്ത്രീയ 'യുക്തിവാദത്തിന്റെ പിന്തുണ

സുദേഷ് എം രഘു December 26, 2013

> *സുദേഷ് എം രഘു*
>
> *----------*
>
> *സംവരണവിരുദ്ധർ വർഷങ്ങളായി കൊണ്ടുനടക്കുന്ന ജാതി സംവരണവിരുദ്ധതയും സംവരണീയരോടുള്ള രോഷവും എത്ര പെട്ടെന്നാണ് പ്രൊഫ രവിചന്ദ്രൻ അറിയാതെ(?) പ്രകടിപ്പിക്കുന്നതെന്നു നോക്കൂ. സ്വന്തം ജാതിക്കാര്യം വരുമ്പോൾ യുക്തിയും ശാസ്ത്രബോധവും എത്ര പെട്ടെന്നാണു യുക്തിവാദിക്കുപോലും നഷ്ടപ്പെടുന്നതെന്നു നോക്കൂ!*
>
> *----------*

കേരള പബ്ലിക് സർവീസ് കമീഷൻ മുഖേന നടക്കുന്ന നിയമനങ്ങളിൽ സംവരണസമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് മെറിറ്റ് സീറ്റുകൾ ലഭിക്കുന്നത് 'അപൂർവങ്ങളിൽ അപൂർവ'മായ ഒരു സംഗതിയാണെന്നും ഒന്നാം റാങ്ക് കിട്ടിയ സംവരണ സമുദായ ഉദ്യോഗാർഥിയെ വരെ സംവരണ ടേണിൽ തിരഞ്ഞെടുത്ത സംഭവങ്ങളുണ്ടെന്നുമുള്ള വസ്തുതകൾ പുറത്തുകൊണ്ടുവന്നതിൽ ഈ ലേഖകനു നിർണായക പങ്കുണ്ട്. പതിനാലുവർഷം മുൻപാണ് ഇവ്വിഷയകമായി ഞാനെഴുതിയ ലേഖനങ്ങൾ മാധ്യമം ആഴ്ചപ്പതിപ്പും യോഗനാദം ദ്വൈവാരികയും



പ്രസിദ്ധീകരിച്ചത്.(പച്ചക്കുതിരയുടെ 2009 ഓഗസ്റ്റ് ലക്കത്തിൽ വന്ന എന്റെ ലേഖനം-മെറിറ്റും സംവരണവും: പതിറ്റാണ്ടിന്റെ പരാജിത പോരാട്ടം – വായനക്കാരിൽ ചിലരെങ്കിലും ഓർക്കുന്നുണ്ടാവും) ഇക്കാലം വരെ ആരും തന്നെ എന്റെ വാദങ്ങളെ എതിർത്തു രംഗത്തുവന്നിട്ടില്ല . ആദ്യമായി എതിർവാദങ്ങളുന്നയിച്ചത് പ്രസിദ്ധ യുക്തിവാദിയും ഗ്രന്ഥകാരനും പ്രഭാഷകനുമായ പ്രൊഫ.സി.രവിചന്ദ്രനാണ്. പി.എസ്.സിയിൽ കുറച്ചുകാലം ജോലി നോക്കിയിട്ടുള്ള ആളായതിനാൽ മറ്റുള്ളവരെ അപേക്ഷിച്ച് പി.എസ്.സി നിയമന സമ്പ്രദായത്തെപ്പറ്റി നന്നായി അറിയാവുന്ന ആളാണു് പ്രൊഫ രവിചന്ദ്രൻ. ഈയിടെ ഫേസ്ബുക്കിലെ ഫ്രീ തിങ്കേഴ്സ്(FREE THINKERS) ഗ്രൂപ്പിൽ നടന്ന ഒരു സംവാദത്തിലിടപെട്ടാണ് പ്രൊഫ രവിചന്ദ്രൻ പി.എസ്.സിയെ ശക്തമായി നീതിമത്കരിച്ചത്. ആ സംവാദത്തിൽ ഞാനുന്നയിച്ച വാദങ്ങൾക്കു പരോക്ഷമായി മറുപടി നൽകിക്കൊണ്ടാണു രവിചന്ദ്രൻ പ്രത്യക്ഷനായത്. തുടർന്ന് ഞാനും നിസ്സഹായൻ സജിയും ശങ്കരനാരായണൻ മലപ്പുറവും ചർച്ചയിലിടപെട്ടു രവിചന്ദ്രന്റെ വാദങ്ങൾക്കു മറുപടി പറഞ്ഞു തുടങ്ങിയതോടെ രായ്ക്കുരാമാനം പോസ്റ്റ് തന്നെ ഡിലീറ്റ് ചെയ്തു യുക്തിവാദികൾ രവിചന്ദ്രനെ രക്ഷപ്പെടുത്തുകയാണുണ്ടായത്.

രസകരമായ കാര്യം, ആ സംവാദത്തിൽ എന്റെ നിയമനക്കാര്യത്തെപ്പറ്റി എഴുതിയതിൽ എനിക്കൊരു പിശകു സംഭവിച്ചിട്ടുപോലും പോസ്റ്റ് ഡിലീറ്റ് ചെയ്യേണ്ട ഗതികേടു യുക്തിവാദികൾക്കുണ്ടായി എന്നതാണ്. പോസ്റ്റ് ഡിലീറ്റ് ചെയ്യപ്പെട്ടേക്കാം എന്നു സംശയം തോന്നിയിരുന്നതുകൊണ്ട് രവിചന്ദ്രനുമായി നടന്ന സംവാദം ഞാൻ നേരത്തെ കോപ്പി ചെയ്തു വച്ചിരുന്നു. രവിചന്ദ്രനുന്നയിച്ച വാദങ്ങൾക്കെല്ലാം അവിടെത്തന്നെ ഞാൻ മറുപടി നൽകിയതാണെങ്കിലും പോസ്റ്റ് ഡിലീറ്റ് ചെയ്യപ്പെട്ടതുകൊണ്ട് അദ്ദേഹത്തിന്റെ പ്രധാനവാദങ്ങൾ വിശദമായ മറുപടിയോടെ ക്രോഡീകരിക്കുകയാണിവിടെ.

രവിചന്ദ്രന്റെ പ്രമുഖവും പ്രധാനവുമായ വാദം ഇതായിരുന്നു:
“ഒരു റാങ്ക് ലിസ്റ്റിലെ ഒന്നാം റാങ്കുകാരൻ സംവരണടേണിൽ പോകുന്നതിൽ തെറ്റൊന്നുമില്ല. കാരണം അത്തരം ഘട്ടങ്ങളിൽ സംവരണ ടേണായിരിക്കും ഓപ്പൺ ടേണിനേക്കാൾ മെച്ചം എന്നത് തന്നെയാണതിന്റെ കാരണം. ..... ഒന്നാം റാങ്ക് നേടിയാൽ എന്താണ് കിട്ടേണ്ടത് ? മാക്സിമം ലഭിക്കേണ്ടത് ആദ്യ നിയമനമാണ്. അതാണ് ഇവിടെ ലഭിക്കുന്നത്. ഇവിടെയെങ്ങും സംവരണ ടേൺ മൂലം സംവരണക്കാർക്ക് നഷ്ടമുണ്ടാകുന്നില്ല.”

അദ്ദേഹത്തിന്റെ മറ്റു വാദങ്ങളെല്ലാം ഈ വാദത്തിന്റെ വിശദീകരണമോ അനുബന്ധമോ ആണെന്നു പറയാം. അവ ഈ ലേഖനത്തിന്റെ അവസാനം അക്കമിട്ടു പരിശോധിക്കുന്നുണ്ട്. ഈ വാദത്തിനുള്ള മറുപടിയിലേക്കു കടക്കുന്നതിനു മുൻപ് പി.എസ്.സി നിയമനങ്ങളെപ്പറ്റി സാമാന്യമായി ചില കാര്യങ്ങൾ വായനക്കാരുടെ അറിവിലേക്കായി വിവരിക്കട്ടെ.



പി എസ് സി റാങ്ക് ലിസ്റ്റെന്നത് (മെയ്ൻ ലിസ്റ്റ്) തികച്ചും യോഗ്യതയുടെ/ മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. അവിടെ ജാതി-മത പരിഗണനയൊന്നുമില്ല. മാർക്ക് കൂടിയ ആൾ ഏറ്റവും മുകളിലെത്തുന്നു. ഒരേ മാർക്ക് ഒന്നിലധികം പേർക്കു ലഭിച്ചാൽ മാത്രം പ്രായം, പേരിന്റെ അക്ഷരമാലാക്രമം ഇവയെല്ലാം നോക്കി റാങ്ക് നിശ്ചയിക്കും. മെയ്ൻ ലിസ്റ്റിലുൾപ്പെടുന്ന സംവരണ സമുദായക്കാരുടെ പേരിനു നേരെ അവരുടെ സമുദായം- E,T,M,SC,D,Vഎന്നിങ്ങനെ-രേഖപ്പെടുത്തിയിട്ടുള്ളതു വായനക്കാർ കണ്ടിട്ടുണ്ടാകും. അതിന്നർഥം അവരെ സംവരണത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തുവെന്നല്ല, മറിച്ച് അത്തരക്കാർക്ക് നിയമനം ലഭിക്കാൻ രണ്ട് ഓപ്ഷനുണ്ടെന്നാണ്-മെറിറ്റ് അഥവാ ഓപ്പൺ കോമ്പറ്റീഷൻ(ഓ.സീ) ടേണും റിസർവേഷൻ(സംവരണ) ടേണും. എന്നാൽ മെയ്ൻ ലിസ്റ്റിലെ സംവരണേതരർക്ക് നിയമനം കിട്ടാൻ ആകെ ഒരു ഓപ്ഷനേ ഉള്ളൂ- മെറിറ്റ് ടേൺ മാത്രം. ഏതെങ്കിലും സംവരണ സമുദായ ഉദ്യോഗാർഥിക്ക് മെറിറ്റിൽ നിയമനം കിട്ടിയെന്നു കരുതി അവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റിൽ കുറവു വരുത്താൻ പാടില്ലെന്നു നിയമം പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. (The claims of members of Scheduled Castes and Scheduled Tribes and other Backward Classes shall also be considered for the appointments which shall be filled on the basis of merit and where a candidate belonging to a Scheduled Caste, Scheduled Tribe or Other Backward Class is selected on the

basis of merit, the number of posts reserved for Scheduled Castes, Scheduled Tribes or for Other Backward Classes as the case may be, shall not in any way be affected.——Rule 14[b] KS&SSR 1958 Part II)അതായത് ഏതെങ്കിലും ഈഴവ ഉദ്യോഗാർഥിയെ മെറിറ്റിൽ തിരഞ്ഞെടുത്താലും ഈഴവരുടെ 14 ശതമാനം സംവരണ സീറ്റുകൾ വേറെ നൽകിക്കൊള്ളണം എന്നർഥം . ബസിൽ സ്ത്രീകൾക്കു സംവരണ സീറ്റുണ്ടെന്നു കരുതി പൊതുസീറ്റിലിരിക്കാനുള്ള അവരുടെ അവകാശം ഹനിക്കപ്പെടുന്നില്ലല്ലോ(പല പുരുഷന്മാർക്കും അതറിയില്ലെന്നതുവേറെ കാര്യം.)

മെയ്ൻ റാങ്ക് ലിസ്റ്റിനൊപ്പം സപ്ലിമെന്ററി ലിസ്റ്റ് എന്ന മറ്റൊരു ലിസ്റ്റ് കൂടി പി എസ് സി പുറത്തിറക്കാറുണ്ട്. രണ്ടും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി പ്രൊഫ രവിചന്ദ്രൻ തന്നെ വളരെ ഭംഗിയായി വിശദമാക്കിയിട്ടുണ്ട് :"മെയിൻ റാങ്ക് ലിസ്റ്റ് മാത്രമാണ് റാങ്ക് ലിസ്റ്റ്. മെയിൻലിസ്റ്റ് തീരുമ്പോൾ സെലക്ഷൻ നിലയ്ക്കുന്നു. മെരിറ്റ് ടേണിൽ സപ്ളിമെന്ററി ലിസ്റ്റിൽ(supplementary list) നിന്ന് നിയമിക്കാനാവില്ല. കാരണം അതൊരു മെരിറ്റ് ലിസ്റ്റല്ല എന്നതു തന്നെ. ……..മെയിൻ ലിസ്റ്റ് പൊതുവായ കട്ട് ഓഫ് മാർക്കിന്റെ (common cut-off)അടിസ്ഥാനത്തിലാണല്ലോ.

നിയമപ്രകാരമുള്ള കമ്യൂണൽ റൊട്ടേഷൻ പാലിച്ചാണു റാങ്ക് ലിസ്റ്റിൽ നിന്ന് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതെന്നു മിക്കവർക്കും അറിയാം .എന്നാൽ ആ തിരഞ്ഞെടുപ്പിനെപ്പറ്റി പലർക്കും ശരിയായ ധാരണയില്ല. പലരും കരുതിയിരിക്കുന്നത് റാങ്ക് ലിസ്റ്റിലെ ആദ്യ റാങ്കുകാരനെ/കാരിയെ ആദ്യത്തെ ഓ.സി ടേണിലും രണ്ടാമത്തെ ഈഴവ റിസർവേഷൻ ടേണിൽ റാങ്ക് ലിസ്റ്റിൽ ആദ്യം വരുന്ന ഈഴവ ഉദ്യോഗാർഥി(നി)യേയും തിരഞ്ഞെടുത്തു നിയമന ശിപാർശ നൽകുന്നു എന്നാണ്.

എന്നാൽ അങ്ങനെയല്ല പി.എസ്.സി ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നത്. റൊട്ടേഷൻ ചാർട്ട് എന്നൊരു സംഗതിയുണ്ട്. പി.എസ്.സിയുടെ വെബ്സൈറ്റ് നോക്കിയാൽ അതു കാണാം. ഓരോ സംവരണ സമുദായ ഉദ്യോഗാർഥിയേയും ഏതെല്ലാം സ്ലോട്ടുകളിലാണു തിരഞ്ഞെടുക്കേണ്ടത് എന്നതു മുൻകൂട്ടി നിശ്ചയിച്ചു തയ്യാറാക്കിയിട്ടുള്ള ചാർട്ടാണത്.

ആദ്യ റാങ്കുകളിൽ ആവശ്യത്തിന് സംവരണക്കാരുണ്ടെങ്കിൽ 50:50 നികത്തി പോകുന്നതിന് സപ്ളിമെന്ററി ലിസ്റ്റ് ഓപ്പറേറ്റ് ചെയ്യേണ്ട കാര്യം തന്നെയില്ല. സപ്ളിമെന്ററി ലിസ്റ്റ് മെറിറ്റ് ലിസ്റ്റല്ല. മറിച്ച് കമ്മ്യൂണിറ്റി ലിസ്റ്റാണ്. ഉദാഹരണത്തിന് മെയിൻ ലിസ്റ്റിന്റെ കട്ട് ഓഫ് മാർക്ക് 95 ഉം സപ്ളിമെന്ററി SC യുടെ കട്ട് ഓഫ് മാർക്ക് പൂജ്യവുമാകാം. സപ്ളിമെന്ററി ലിസ്റ്റിൽ കമ്മ്യൂണിറ്റിക്കാരുടെ ഇടയിലുള്ള മെരിറ്റ് മാത്രമാണ് പരിഗണിക്കുന്നത്. മെയിൻ ലിസ്റ്റിൽ സംവരണക്കാർ ഉൾപ്പെടുന്നത് കൂടിയാൽ സപ്ളിമെന്ററി ലിസ്റ്റിൽ നിന്ന് കുറച്ച് നിയമനമേ നടക്കൂ. അതായത് സംവരണത്തിന്റെ ഉദ്ദേശമായ 50:50 എന്ന അനുപാതം പാലിക്കാനാവാതെ വന്നാൽ ഉപയോഗിക്കാനുള്ള ലിസ്റ്റ് മാത്രമാണ് സപ്ളിമെന്ററി ലിസ്റ്റ്. സപ്ളിമെന്ററി ലിസ്റ്റിൽ നിന്ന് ഒരാളെ പോലും നിയമിക്കണമെന്ന് നിയമമില്ല."

ഇനി നിയമനം നടത്തുന്നതെങ്ങനെയാണെന്നു നോക്കാം. നിയമപ്രകാരമുള്ള കമ്യൂണൽ റൊട്ടേഷൻ പാലിച്ചാണു റാങ്ക് ലിസ്റ്റിൽ നിന്ന് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതെന്നു മിക്കവർക്കും അറിയാം .എന്നാൽ ആ തിരഞ്ഞെടുപ്പിനെപ്പറ്റി പലർക്കും ശരിയായ ധാരണയില്ല. പലരും കരുതിയിരിക്കുന്നത്

റാങ്ക് ലിസ്റ്റിലെ ആദ്യ റാങ്കുകാരനെ/കാരിയെ ആദ്യത്തെ ഓ.സി ടേണിലും രണ്ടാമത്തെ ഈഴവ റിസർവേഷൻ ടേണിൽ റാങ്ക് ലിസ്റ്റിൽ ആദ്യം വരുന്ന ഈഴവ ഉദ്യോഗാർഥി(നി)യേയും തിരഞ്ഞെടുത്തു നിയമന ശിപാർശ നൽകുന്നു എന്നാണ്. എന്നാൽ അങ്ങനെയല്ല പി.എസ്.സി ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നത്. റൊട്ടേഷൻ ചാർട്ട് എന്നൊരു സംഗതിയുണ്ട്. പി.എസ്.സിയുടെ വെബ്സൈറ്റ് നോക്കിയാൽ അതു കാണാം. ഓരോ സംവരണ സമുദായ ഉദ്യോഗാർഥിയേയും ഏതെല്ലാം സ്ലോട്ടുകളിലാണു തിരഞ്ഞെടുക്കേണ്ടത് എന്നതു മുൻകൂട്ടി നിശ്ചയിച്ചു തയ്യാറാക്കിയിട്ടുള്ള ചാർട്ടാണത്. ലാസ്റ്റ് ഗ്രേഡ് തസ്തികകൾക്കും ഇതര തസ്തികകൾക്കും വ്യത്യസ്ത ചാർട്ടുകളാണുള്ളത്. നൂറു ടേണുകൾ ചേർന്നതാണ് ഒരു മെയ്ൻ റൊട്ടേഷൻ (MR) . അതിലെ ഒറ്റസംഖ്യാ സ്ഥാനങ്ങൾ(1,3,5,7,9,11,13,15,17,19…..) ഓ.സി. അഥവാ മെറിറ്റ് ടേണുകളും ഇരട്ടസംഖ്യാ സ്ഥാനങ്ങൾ(2,4,6,8,10,12,14,16,18,20…) സംവരണ ടേണുകളുമാണ്. ഒഴിവുകളെത്ര റിപ്പോർട്ട് ചെയ്താലും ഈ ചാർട്ടിൽ നിന്ന് 20 ന്റെ ഓരോ യൂണിറ്റായെടുത്തേ സെലക്ഷൻ നടത്താവൂ എന്നാണു നിയമം പറയുന്നത്.(The unit of appointment for the purpose of this rule shall be 20, of which two shall be reserved for scheduled castes and scheduled tribes and 8 shall be reserved for the other Backward classes and remaining 10 shall be filled on the basis of merit:——Rule 14[a] KS&SSR 1958 Part II). ഈ നിയമം പാലിച്ച് ആദ്യത്തെ 20ന്റെ യൂണിറ്റിലേക്കുള്ള തിരഞ്ഞെടുപ്പ് എങ്ങനെയാണു നടത്തുന്നതെന്നു രവിചന്ദ്രൻ തന്നെ പഠിപ്പിക്കുന്നുണ്ട് :"ഉദാഹരണമായി ഒരു റാങ്ക് ലിസ്റ്റിൽ 20 പേരെ ആദ്യം നിയമിക്കുന്നുവെന്ന് കരുതുക. രണ്ടാം റാങ്കുകാരൻ ഈഴവ ആണെന്നിരിക്കട്ടെ. ആദ്യം ഒ.സി ടേണുകൾ നികത്തും.

1,3,5,7,9,11,13,15,17,19 എന്നീ ടേണുകളിൽ റാങ്ക് ലിസ്റ്റിലെ ആദ്യ 10 പേരുടെ പേരെഴുതി വെക്കും. ഇനി സംവരണ ടേണുകൾ നികത്തുകയാണ്.”

ഇവിടെ രണ്ടാം റാങ്കുകാരനായ ഈഴവ ഉദ്യോഗാർഥിയും മെറിറ്റിൽ(3 OC) തിരഞ്ഞെടുക്കപ്പെടുന്നുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു സംഗതി ഉണ്ട്.ആദ്യം മെറിറ്റ് ടേണുകളാണു നികത്തുന്നത്(നികത്തുന്നത് എന്നേ പറഞ്ഞിട്ടുള്ളൂ. ആദ്യം അവരെയാണു നിയമിക്കുന്നത് എന്നല്ല അതിനർഥം). ആ നികത്തൽ തികച്ചും മെറിറ്റിന്റെ/റാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമാണു നടത്തുന്നത്. ഒരു സമുദായ പരിഗണനയും അവിടെ നോക്കില്ല,നോക്കാൻ പാടില്ല. ആർക്കു വേണമെങ്കിലും അവിടെ മത്സരിച്ചു കയറാം.അതുകൊണ്ടാണ് ആ സീറ്റുകളെ തുറന്ന മത്സര(ഓപ്പൺ കോമ്പറ്റീഷൻ -ഓ.സി)ടേണുകളെന്നു പറയുന്നത്. അങ്ങനെയാണു രണ്ടാം റാങ്കുകാരനായ ഈഴവ ഉദ്യോഗാർഥി മൂന്നാമത്തെ ഓ.സി.ടേണിൽ തിരഞ്ഞെടുക്കപ്പെട്ടത്. മെറിറ്റ്ടേണുകൾ നികത്തിയതിനുശേഷം മാത്രമേ സംവരണ ടേണുകൾ നികത്തൂ.
അതെങ്ങനെയാണെന്നും രവിചന്ദ്രൻ പറയുന്നുണ്ട്:” 2 ഈഴവ ടേണാണ്. ഇനി റാങ്ക് ലിസ്റ്റിൽ ഉള്ള ഈഴവന്റെ റാങ്ക് 14 ആണെന്നിരിക്കട്ടെ. ടിയാനെ 2E ൽ ശിപാർശ ചെയ്യും.”
രവിചന്ദ്രൻ തുടരുന്നു: “രണ്ടാം റാങ്കുകാരനായ ഈഴവ മെറിറ്റിൽ പോയതിനാൽ അയാളുടെ സീനിയോറിറ്റി മൂന്നായി. മെറിറ്റിൽ പോകാത്തത്തിനാൽ 14 ാം റാങ്കുകാരന് (Ezhava) കോളടിച്ചു. ടിയാൻ സീനിയോറിറ്റിയിൽ രണ്ടാമനായി!”



ഇവിടെ ഒരു പ്രശ്നമുള്ളത്, ഒരേ സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികളിൽ കൂടുതൽ മാർക്കു നേടിയ ആൾ-ഇവിടെ രണ്ടാം റാങ്കുകാരൻ- മൂന്നാമതും അയാളേക്കാൾ മാർക്കു കുറഞ്ഞയാൾ-14 ാം റാങ്കുകാരൻ – രണ്ടാമതുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഇത് അനീതിയാണല്ലോ. ആ അനീതി പക്ഷേ പി.എസ്.സി തിരുത്തും. എങ്ങനെയെന്നോ? രവിചന്ദ്രനെത്തന്നെ ഉദ്ധരിക്കാം: “ഇവിടെയാണ് റൊട്ടേഷൻ സ്വയം പുനക്രമീകരിക്കുന്നത്. ‘വെട്ടിയെഴുത്ത് ‘എന്നാണ് ഇതിന് പറയുക. അതായത് രണ്ടാം റാങ്കുകാരന്റെയും പതിനാലാം റാങ്കുകാരന്റെയും ഊഴം പരസ്പരം വെച്ചു മാറും. രണ്ടാം റാങ്കുകാരനെ 2E യിലും പതിനാലാമനെ 3 OC യിലും ക്രമീകരിക്കും. ഇവിടെ രണ്ടും സംഭവിച്ചു. മെരിറ്റുകാരൻ സംവരണടേണിലും പോയി സംവരണക്കാരൻ മെരിറ്റിലും പോയി!! ” ‘In finalizing the select list any candidate of the same community selected on open competition turns, if found to be below in the order of the candidates selected from the same community on the basis of reservation, for the fixation of ranks as per rule27 of these rules, candidates of the same community obtaining higher marks shall be interchanged with the candidates of the same community in the reservation turn for the purpose of ranking’എന്നാണു ചട്ടം [Proviso to Rule 14[c] KS&SSR 1958 Part II].

മുകളിൽ വിശദീകരിച്ചതുപോലെയാണു മൊത്തം നിയമനവും

നടക്കുന്നതെങ്കിൽ ഒരു കുഴപ്പവും പി എസ് സി നിയമനത്തെപ്പറ്റി പറയാനുണ്ടാവില്ല. പക്ഷേ അങ്ങനെയല്ല സംഭവിക്കുന്നത്. 20 ന്റെ ആദ്യത്തെ യൂണിറ്റിൽ മാത്രമേ ഇങ്ങനെ സംഭവിക്കുന്നുള്ളൂ. തുടർന്നുള്ള യൂണിറ്റുകളിൽ സംവരണസമുദായക്കാർക്ക് മെറിറ്റ് സീറ്റിൽ സെലക്ഷൻ കിട്ടുക എന്നത് 'അപൂർവങ്ങളിൽ അപൂർവ'മായ സംഗതിയാണ്. ആദ്യ യൂണിറ്റിനുശേഷം വരുന്ന മെറിറ്റ് സീറ്റുകൾ ഏതാണ്ടെല്ലാം സംവരണേതര സമുദായക്കാർക്കു രഹസ്യമായി സംവരണം (clandestine reservation) ചെയ്തു വച്ചിരിക്കിയാണെന്നു പറയാം. ആ 'രഹസ്യസംവരണ'ത്തെ പ്രൊഫ രവിചന്ദ്രൻ ന്യായീകരിക്കുന്നതു നോക്കുക : "ലിസ്റ്റിലുള്ള സംവരണക്കാരൊക്കെ ആദ്യമേ പോയതുകൊണ്ട് ബാക്കി വരുന്ന സീറ്റുകളിൽ സംവരണഹീനരേ ഉണ്ടാകൂ എന്ന് പറയുന്നതിൽ എന്ത് അസ്വഭാവികതയാണുള്ളത്? ഇതൊക്കെ ഒരു കഴമ്പുള്ള വാദമാണോ? നൂറ് പഴങ്ങൾ -ഓറഞ്ചും ആപ്പിളും. പഴങ്ങൾ ഓരോന്നായി തിന്നണം. ഓറഞ്ച് എപ്പോൾ വേണമെങ്കിലും ഏത് ടേണിലും തിന്നാം. ആപ്പിൾ ഒന്നിടവിട്ട ടേണിൽ മാത്രം തിന്നാം. ഇതാണ് നിയമം. ഓറഞ്ച് രണ്ടുതരം ടേണിലും പോകുമ്പോൾ അതിന്റെ എണ്ണം ക്രമേണ കുറഞ്ഞുവരും. അതല്ലേ പ്രപഞ്ചനിയമം?? വെറുതെ കളയുകയല്ലല്ലോ-മറിച്ച് നിങ്ങൾ തിന്നുകയാണ്. (അതായത് നിയമനം കിട്ടി പോവുകയാണ്). അവസാനം വരുമ്പോൾ ഒന്നിടവിട്ട ടേണുകളിൽ പോകാൻ ആപ്പിൾ മാത്രം ബാക്കിയാവും. അതിലെന്താണ് നീതിരാഹിത്യം? അതേസമയം ഓറഞ്ചിന്റെ ടേണിൽ പുതുതായി ഓറഞ്ച് പുറത്തുനിന്ന് കൊണ്ടുവന്ന് തിന്നുകയും ചെയ്യാം. ഇവിടെ ഏത് സംവരണനിയമമാണ് അട്ടിമറിക്കപ്പെടുന്നത്? സംവരണടേണിലും മെരിറ്റ് ടേണിലും സംവരണക്കാരേ പോകാവൂ എന്നാണോ വാശി പിടിക്കുന്നത്? ആയിക്കോളൂ,

അതിനായി മെരിറ്റ് ലിസ്റ്റിൽ മുഴുവൻ സംവരണക്കാരെ കൊണ്ട് നിറച്ചാൽ മതി. നൂറ് ശതമാനം നിയമനവും സംവരണക്കാർക്ക് തന്നെ നേടാം. സംവരണഹീനർ പഠിക്കരുത് , പരീക്ഷയെഴുതരുത് എന്നു കൂടി പറഞ്ഞുവെച്ചാൽ അതിത്തിരി കടുപ്പമായിരിക്കും. ”

സംവരണവിരുദ്ധർ വർഷങ്ങളായി കൊണ്ടുനടക്കുന്ന ജാതിസംവരണവിരുദ്ധതയും സംവരണീയരോടുള്ള രോഷവും എത്ര പെട്ടെന്നാണ് പ്രൊഫ രവിചന്ദ്രൻ അറിയാതെ(?) പ്രകടിപ്പിക്കുന്നതെന്നു നോക്കൂ. സ്വന്തം ജാതിക്കാര്യം വരുമ്പോൾ യുക്തിയും ശാസ്ത്രബോധവും എത്ര പെട്ടെന്നാണു യുക്തിവാദിക്കുപോലും നഷ്ടപ്പെടുന്നതെന്നു നോക്കൂ! വാസ്തവത്തിൽ വായനക്കാരെ കബളിപ്പിക്കാനാണ് ആപ്പിളിന്റെയും ഓറഞ്ചിന്റെയും ഉദാഹരണം പ്രൊഫസർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കാര്യമറിയാത്തവരെ വഴിതെറ്റിക്കാൻ ശ്രമിച്ചുനോക്കുന്നതാണദ്ദേഹം.

പി.എസ്.സി എന്തിനാണ് 20ന്റെ യൂണിറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്? 20ന് എന്തെങ്കിലും മാന്ത്രികതയോ അപ്രമാദിത്വമോ ഉണ്ടോ? ഇക്കാര്യമാണ് നാം ആദ്യം പരിശോധിക്കേണ്ടത്. ഒഴിവുകൾ എത്ര ചെറിയ എണ്ണമായി റിപ്പോർട്ട് ചെയ്താലും നിയമനം സുഗമമായി നടത്താനുള്ള ഒരു മാർഗം മാത്രമാണ് 20ന്റെ യൂണിറ്റ്. 20ന്റെ യൂണിറ്റിൽ റാങ്ക് ലിസ്റ്റിലെ ആദ്യത്തെ പത്തുപേരെ മെറിറ്റിൽ തിരഞ്ഞെടുക്കുന്നതിനു പിന്നിലും ഒരു ലോജിക്കുണ്ട്. സംവരണനിയമമനുസരിച്ച് 50 ശതമാനം മെറിറ്റടിസ്ഥാനത്തിലും ബാക്കി 50 ശതമാനം സംവരണാ (40 ഓബീസി+10 എസ്.സി-എസ്.റ്റി)ടിസ്ഥാനത്തിലും നികത്തണം. എത്രപേരെ തിരഞ്ഞെടുക്കുന്നുവോ അത്രയും എണ്ണത്തിന്റെ

പകുതി (50%) മെറിറ്റിൽ വരണം എന്നർഥം. 50 ശതമാനം മെറിറ്റെന്നത് ഏറ്റവും കൂടുതൽ മെറിറ്റുള്ളവർക്ക്-മാർക്കു കൂടുതൽ കിട്ടിയവർക്ക് അഥവാ റാങ്ക് ലിസ്റ്റിൽ മുന്നിലുള്ളവർക്ക്-അർഹതപ്പെട്ട സീറ്റുകളാണ്. അതുകൊണ്ടാണ് 20 പേരെ തിരഞ്ഞെടുക്കുമ്പോൾ റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 10 പേരെ (50%) മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കുന്നത്.

പി.എസ്.സി എന്തിനാണ് 20ന്റെ യൂണിറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്? 20ന് എന്തെങ്കിലും മാന്ത്രികതയോ അപ്രമാദിത്വമോ ഉണ്ടോ? ഇക്കാര്യമാണ് നാം ആദ്യം പരിശോധിക്കേണ്ടത്. ഒഴിവുകൾ എത്ര ചെറിയ എണ്ണമായി റിപ്പോർട്ട് ചെയ്താലും നിയമനം സുഗമമായി നടത്താനുള്ള ഒരു മാർഗം മാത്രമാണ് 20ന്റെ യൂണിറ്റ്. 20ന്റെ യൂണിറ്റിൽ റാങ്ക് ലിസ്റ്റിലെ ആദ്യത്തെ പത്തുപേരെ മെറിറ്റിൽ തിരഞ്ഞെടുക്കുന്നതിനു പിന്നിലും ഒരു ലോജിക്കുണ്ട്. സംവരണനിയമമനുസരിച്ച് 50 ശതമാനം മെറിറ്റടിസ്ഥാനത്തിലും ബാക്കി 50 ശതമാനം സംവരണാ (40 ഓബീസി+10 എസ്.സി-എസ്.റ്റി)ടിസ്ഥാനത്തിലും നികത്തണം. എത്രപേരെ തിരഞ്ഞെടുക്കുന്നുവോ അത്രയും എണ്ണത്തിന്റെ പകുതി (50%) മെറിറ്റിൽ വരണം എന്നർഥം. 50 ശതമാനം മെറിറ്റെന്നത് ഏറ്റവും കൂടുതൽ മെറിറ്റുള്ളവർക്ക്-മാർക്കു കൂടുതൽ കിട്ടിയവർക്ക് അഥവാ റാങ്ക് ലിസ്റ്റിൽ മുന്നിലുള്ളവർക്ക്-അർഹതപ്പെട്ട സീറ്റുകളാണ്. അതുകൊണ്ടാണ് 20 പേരെ തിരഞ്ഞെടുക്കുമ്പോൾ റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 10 പേരെ (50%) മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കുന്നത്. അപ്പോൾ ചോദ്യം ഇതാണ്: ഈ ലോജിക്കും 14 (b)

നിഷ്കർഷിക്കുന്ന,സംവരണസമുദായക്കാരെയും മെറിറ്റിൽ പരിഗണിക്കണം എന്ന നിയമ വ്യവസ്ഥയും യൂണിറ്റ് 20 ആയി നിശ്ചയിച്ചതുകൊണ്ട് അട്ടിമറിക്കാമോ? അഥവാ ആദ്യത്തെ 20ന്റെ യൂണിറ്റിൽ മാത്രം അവയെല്ലാം പാലിച്ചാൽ മതിയോ? മറ്റൊരു വിധത്തിൽ ചോദിച്ചാൽ, 20ന്റെ യൂണിറ്റായി ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തപ്പോൾ ആദ്യ യൂണിറ്റിൽ റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 10 പേർക്ക് ജാതി-സമുദായ പരിഗണനയില്ലാതെ മെറിറ്റിൽ സെലക്ഷൻ ലഭിച്ചെങ്കിൽ ആ വ്യവസ്ഥ എപ്പോഴും സംരക്ഷിക്കപ്പെടണ്ടേ? അതായത് 40 പേരെ തിരഞ്ഞെടുക്കുമ്പോൾ ആദ്യത്തെ 20 പേരും 100 പേരെ തിരഞ്ഞെടുക്കുമ്പോൾ ആദ്യത്തെ 50 പേരും 1000 പേരെ തിരഞ്ഞെടുക്കുമ്പോൾ ആദ്യത്തെ 500 പേരും സമുദായപരിഗണന കൂടാതെ മെറിറ്റിൽ വരേണ്ടേ? അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ ആ തിരഞ്ഞെടുപ്പു സമ്പ്രദായത്തെ ശാസ്ത്രീയമെന്നു വിളിക്കാമോ?അഥവാ ആ റൊട്ടേഷൻ സമ്പ്രദായത്തിനു തകരാറുണ്ടെന്നല്ലേ അതിനർഥം?

മുകളിൽ 14-ാം റാങ്ക് കിട്ടിയ ഈഴവ ഉദ്യോഗാർഥിക്കു ‘കോളടിച്ചു’ എന്നു രവിചന്ദ്രൻ ചൂണ്ടിക്കാണിച്ച ഉദാഹരണം പരിശോധിച്ചു നോക്കാം. 20ന്റെ യൂണിറ്റായെടുത്തതിനാലാണല്ലോ അയാൾക്ക് 2E എന്ന സംവരണ ടേൺ ലഭിച്ചത് അഥവാ ‘കോളടിച്ച’ത്.പകരം 40ന്റെ യൂണിറ്റായിരുന്നെങ്കിലോ? (അത്രയും ഒഴിവുണ്ടെന്നു കരുതുക). ഈ 14-ാം റാങ്ക് കിട്ടിയ ഈഴവ ഉദ്യോഗാർഥിക്ക് എവിടെ സെലക്ഷൻ ലഭിക്കും? സ്വാഭാവികമായും 27ാമത്തെ ഓ.സി ടേണിൽ അയാൾ തിരഞ്ഞെടുക്കപ്പെടും. അപ്പോൾ 2E എന്ന സംവരണ ടേണിൽ സെലക്ഷൻ ലഭിക്കുന്നത് 20-ാം റാങ്കിനു താഴെ വരുന്ന ഈഴവ ഉദ്യോഗാർഥി (25-ാം റാങ്ക് ആണെന്നു വിചാരിക്കുക)ആയിരിക്കും. തത്ഫലമായി ഈഴവ

ഉദ്യോഗാർഥിക്ക് ഒരു സീറ്റ് കൂടി കൂടുതൽ ലഭിക്കുന്നു. മെറിറ്റിൽ പോകേണ്ട 14-ാം റാങ്കുകാരൻ/കാരി മെറിറ്റിലും 25-ാം റാങ്കുള്ള ഈഴവ ഉദ്യോഗാർഥിക്ക് സംവരണത്തിലും സെലക്ഷൻ കിട്ടുന്നു. ഇവരെ,നേരത്തെ ചൂണ്ടിക്കാണിച്ചപോലെ, റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി നിലനിർത്താനായി പരസ്പരം സ്ഥാനം മാറ്റിയേ അഡ്വൈസ് ചെയ്യൂ എന്നതിനാൽ 14ാം റാങ്കുകാരന് 'കോളടിച്ച' സ്ഥാനത്തുനിന്നു മാറേണ്ട ആവശ്യം വരുന്നില്ല. ഇതിൽ നിന്ന് ഒരു കാര്യം സ്പഷ്ടമാകുന്നു. ചെറിയ യൂണിറ്റിൽ സംവരണത്തിൽപ്പോയ പലരും യൂണിറ്റിന്റെ വലുപ്പം കൂടുന്തോറും മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കപ്പെടും. ഇനി ഈ 25-ാം റാങ്കുള്ളയാളുടെ കാര്യം എടുക്കാം. ഒഴിവുകൾ 40നു പകരം അമ്പതോ അതിൽക്കൂടുതലോ ഉണ്ടാവുകയും അത് 50ന്റെ ഒറ്റ യൂണിറ്റായെടുത്ത് സെലക്ഷൻ നടത്തുകയും ചെയ്യുകയാണെങ്കിൽ അയാളും മെറിറ്റ് ടേണിൽ പോകും. അപ്പോൾ അയാൾക്കുശേഷം വരുന്ന ഈഴവ ഉദ്യോഗാർഥിയാണു സംവരണത്തിൽപ്പോവുക.

എപ്പോഴും ഇങ്ങനെ യൂണിറ്റിന്റെ വലുപ്പം കൂട്ടാതെ ഈ പ്രശ്നം പരിഹരിക്കാനാകുമോ? അഥവാ യൂണിറ്റ് 20 ആയാലും 40 ആയാലും 100 ആയാലും മെറിറ്റിൽ പോകേണ്ട ഉദ്യോഗാർഥികൾക്ക് എപ്പോഴും മെറിറ്റ് സീറ്റുകൾ തന്നെ ലഭിക്കുന്ന രീതിയിൽ റൊട്ടേഷൻ സമ്പ്രദായം ശാസ്ത്രീയമാക്കാനാകുമോ?

അങ്ങനെ സാധിക്കും എന്നതാണ് എന്റെ മറുപടി. ആ പരിഹാരം, കഴിഞ്ഞ ഒന്നൊര പതിറ്റാണ്ടായി പല വേദികളിലൂടെയും ലേഖനങ്ങളിലൂടെയും ഞാൻ അവതരിപ്പിച്ചുകഴിഞ്ഞിട്ടുള്ളതാണ് ആ പരിഹാരം. അതുകൊണ്ട് വിസ്തരിക്കുന്നില്ല, ചുരുക്കിപ്പറയാം .



മുൻപരാമർശിച്ച ഉദാഹരണത്തിൽ 20 ന്റെ യൂണിറ്റിൽ സംവരണത്തിൽപ്പോയ 14-ാം റാങ്കുകാരന്റെ മെറിറ്റ് ടേൺ ആദ്യത്തെ യൂണിറ്റിൽ വരാത്തതാണല്ലോ അയാളെ സംവരണത്തിൽ തിരഞ്ഞെടുക്കാനുള്ള കാരണം. അതുകൊണ്ട് രവിചന്ദ്രൻ പറഞ്ഞപോലെ അയാൾക്ക് 'ഉയർന്ന സീനിയോറിറ്റി' ലഭിക്കുകയും ചെയ്തു. അയാളുടെ മെറിറ്റ് ടേൺ -27 OC- വരുന്നത് അടുത്ത 20ന്റെ യൂണിറ്റിലായിരിക്കും. എന്നാൽ,അയാൾ ആദ്യത്തെ യൂണിറ്റിലെ സംവരണ ടേണിൽ തിരഞ്ഞെടുക്കപ്പെട്ടതിനാൽ-രവിചന്ദ്രന്റെ ഭാഷയിൽ നേരത്തെയുള്ള ബസ്സിൽക്കയറി പോയതിനാൽ- 27 OC എന്ന മെറിറ്റ് ടേണിൽ അയാളെ തിരഞ്ഞെടുക്കാൻ സാധിക്കാതെ വരുന്നു. പകരം അയാൾക്കുശേഷം വരുന്ന റാങ്കുകാരനെ അഥവാ റാങ്കുകാരിയെ തിരഞ്ഞെടുക്കുന്നു. ഇവർ ഏതാണ്ടെല്ലായ്പ്പോഴും സംവരണേതര സമുദായക്കാരായിരിക്കും.അതുകൊണ്ടാണ് ആദ്യ യൂണിറ്റിനുശേഷം സംവരണസമുദായക്കാർ മെറിറ്റിൽ വരാത്തത്.

14-ാം റാങ്കുകാരനെ ആദ്യം വന്ന 2E എന്ന സംവരണ ടേണിൽ നിയമിക്കാതെ പിന്നീട് എപ്പോഴെങ്കിലും വരുന്ന മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കാം എന്നു പറഞ്ഞു മാറ്റിനിർത്തുന്നതു പ്രായോഗികവുമല്ല. അയാളെ ആദ്യത്തെ ആ സംവരണ ടേണിൽത്തന്നെ തിരഞ്ഞെടുക്കുക എന്നതാണു

പ്രായോഗികവും ശരിയും. എന്നാൽ അയാളുടെ മെറിറ്റ് ടേൺ-27 OC-പിന്നീടു വരുന്ന സന്ദർഭത്തിൽ ആ സ്ഥാനത്തേക്കു പരിഗണിക്കേണ്ടത് ആരെ എന്നതാണ് ഇവിടത്തെ നിർണായക ചോദ്യം. 20ന്റെ യൂണിറ്റ് ആയതുകൊണ്ടുമാത്രമാണ് അയാൾക്ക് 27 OC എന്ന ഓ.സി. ടേൺ ലഭിക്കാതെ പോയതെന്ന് ഓർക്കണം. 40ന്റെ യൂണിറ്റ് ആയിരുന്നെങ്കിൽ അയാൾ 27 OCയിൽത്തന്നെ തിരഞ്ഞെടുക്കപ്പെട്ടേനെ.(റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 20 പേർ അപ്പോൾ ഓ.സി.ടേണിൽ സെലക്റ്റ് ചെയ്യപ്പെടുമല്ലോ). അങ്ങനെ അയാളെ 27 OCയിൽ തിരഞ്ഞെടുത്തിരുന്നുവെങ്കിൽ ആദ്യം തിരഞ്ഞെടുത്ത 2E എന്ന സംവരണ ടേണിൽ ആരെ തിരഞ്ഞെടുക്കും? സ്വാഭാവികയും 20-ാം റാങ്കിനുശേഷം വരുന്ന ആദ്യ ഈഴവ ഉദ്യോഗാർഥിയെ. അതായത് 25-ാം റാങ്കുള്ളയാളെ. അതായത് 25-ാം റാങ്കുള്ള ഈഴവ ഉദ്യോഗാർഥി(നി) 2-ാമത്തെ ടേണിലും 14-ാം റാങ്കുള്ള ഈഴവ ഉദ്യോഗാർഥി(നി) 27-ാമത്തെ ടേണിലും തിരഞ്ഞെടുക്കപ്പെടും എന്നർഥം. അവിടെയും നേരത്തെ പറഞ്ഞ സീനിയോറിറ്റി പ്രശ്നം വരും. അതുകൊണ്ട് അവരെ പരസ്പരം സ്ഥാനം മാറ്റി അഡ്വൈസ് ചെയ്യും. അതായത് 25-ാം റാങ്കുള്ളയാൾ 27-ാമത്തെ ഓ.സി ടേണിലും 14-ാം റാങ്കുള്ളയാൾ 2-ാമത്തെ ഈഴവ ടേണിലും വരും. ’14-ാം റാങ്കുകാരനെ ആദ്യം വരുന്ന 2E എന്ന സംവരണ ടേണിൽ നിയമിക്കാതെ പിന്നീട് എപ്പോഴെങ്കിലും വരുന്ന മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കാം എന്നു പറഞ്ഞു മാറ്റിനിർത്തുന്നതു പ്രായോഗികമല്ലെ’ന്നും ‘അയാളെ ആദ്യത്തെ ആ സംവരണ ടേണിൽത്തന്നെ തിരഞ്ഞെടുക്കുക എന്നതാണു പ്രായോഗികവും ശരിയു’മെന്നും ഞാനെഴുതിയത് അതുകൊണ്ടാണ്. ആദ്യമേ തന്നെ ശരിയായ സ്ഥാനത്തു നിർത്തിയിരിക്കുന്നു. പിന്നീടു സ്ഥാനം മാറ്റേണ്ട ആവശ്യമില്ല. അപ്പോൾ 27-ാമത്തെ ഓ.സി. ടേണിൽ ആരു വരും? 25-ാം

റാങ്കുള്ള ഈഴവ ഉദ്യോഗാർഥി(നി). ഒരു സീനിയോറിറ്റിയും സംവരണക്കാർക്കു നഷ്ടപ്പെടില്ലെന്നർഥം.

ആദ്യ യൂണിറ്റിൽ സംവരണ ടേണിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർഥികളുടെ മെറിറ്റ് ടേൺ പിന്നീടുള്ള യൂണിറ്റുകളിലേ വരൂ. അപ്പോൾ ആ ടേണിൽ അവരെ തിരികെ കൊണ്ടുവരൽ പ്രായോഗികമല്ലാത്തതിനാലും അഥവാ കൊണ്ടുവന്നാലും പഴയ സ്ഥാനത്തേക്കുതന്നെ തിരിച്ചയക്കേണ്ടിവരുമെന്നതിനാലും ആ മെറിറ്റ് ടേണിൽ അതതു സമുദായ ഉദ്യോഗാർഥി(നി)കളെ തിരഞ്ഞെടുക്കണം. എങ്കിൽ മാത്രമേ സംവരണസമുദായക്കാർക്ക് ആദ്യയൂണിറ്റിനുശേഷം അർഹതപ്പെട്ട മെറിറ്റ് ടേൺ നിയമനം ലഭ്യമാകൂ. അല്ലാതെ യൂണിറ്റിന്റെ വലുപ്പം ചെറുതാക്കി മെറിറ്റ് സീറ്റിൽ പ്രവേശം ലഭിക്കേണ്ട സംവരണസമുദായക്കാരെ സംവരണ ടേണിൽ ഒതുക്കി ആ സീറ്റ് അനർഹരായ സംവരണേതരർക്ക് ചുളുവിൽ അടിച്ചെടുക്കാൻ അവസരം നൽകുന്ന ഇപ്പോഴത്തെ രീതി ശാസ്ത്രീയമോ നീതിയുക്തമോ അല്ല. ഇതാണു യാഥാർഥ്യമെന്നിരിക്കെ, “ഒന്നാം റാങ്ക് നേടിയാൽ ……..മാക്സിമം ലഭിക്കേണ്ടത് ആദ്യ നിയമനമാണ്. അതാണ് ഇവിടെ ലഭിക്കുന്നത്. ഇവിടെയെങ്ങും സംവരണ ടേൺ മൂലം സംവരണക്കാർക്ക് നഷ്ടമുണ്ടാകുന്നില്ല” എന്ന പ്രൊഫ രവിചന്ദ്രൻറെ വാദത്തിൽ യാതൊരു കഴമ്പുമില്ല. ശുദ്ധ അബദ്ധവും അസംബന്ധവുമാണ് ആ വാദം. മെറിറ്റിൽ കയറേണ്ടയാളെ സംവരണടേണിൽ നിയമിച്ചാൽ സംവരണസമുദായ ഉദ്യോഗാർഥികൾക്ക് അത്രയും സീറ്റുകൾ നഷ്ടപ്പെടുകയാണ്. ശാസ്ത്രീയചിന്തയും നീതിബോധവും ഉള്ളവർക്ക് മുകളിൽ വിവരിച്ച വസ്തുതകൾ മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. പക്ഷേ യുക്തിവാദിയും ‘ശാസ്ത്രീയ’ചിന്തകനുമൊക്കെയായ പ്രൊഫ രവിചന്ദ്രന് അതു

സാധിക്കുന്നില്ലെന്നതിൽനിന്നു നാം എന്താണു മനസ്സിലാക്കേണ്ടത്? ഇൻഡ്യയിൽ സ്വന്തം ജാതി താത്പര്യത്തിനതീതമായി ചിന്തിക്കാൻ അധികം പേർക്കും സാധിക്കാറില്ല, യുക്തിവാദിയായാലും മറ്റെന്തു 'പുരോഗാമി'യായാലും.

രവിചന്ദ്രന്റെ മറ്റു വാദങ്ങളെല്ലാം ആദ്യവാദത്തിന്റെ ചുവടുപിടിച്ചുള്ളതും ബാലിശങ്ങളുമാണ്. എന്നിരുന്നാലും വായനക്കാരെ തെറ്റിദ്ധരിപ്പിക്കാൻ അതുമതിയെന്നതിനാൽ അവയും
ഓരോന്നായി പരിശോധിക്കാം. വിശദമായ മറുപടി ആവശ്യമില്ലാത്തതാണ് എല്ലാ വാദങ്ങളും.കാരണം മുകളിലെ എന്റെ വിശദീകരണത്തിൽ എല്ലാ വാദങ്ങൾക്കുമുള്ള മറുപടിയുണ്ട്.

വാദം 2. "ആദ്യ സൈക്കിളിന് (First rotation cycle)ശേഷം നടക്കുന്ന നിയമനങ്ങളിൽ സംവരണക്കാർ ആരും മെരിറ്റ് ടേണിൽ



തെരെഞ്ഞെടുക്കപ്പെടുന്നില്ല എന്ന വാദം ആഗ്രഹചിന്തയോ അബദ്ധധാരണയോ മാത്രം. കാരണം മറിച്ച് സംഭവിക്കാനുള്ള സാധ്യത 100 ശതമാനമാണ്, സ്ഥിരം സംഭവിക്കാറുമുണ്ട്.ഒരു റാങ്ക്‌ലിസ്റ്റിലെ (Main list) സംവരണഹീനരുടേയും സംവരണക്കാരുടേയും അനുപാതമാണ് ഇവിടെ നിർണ്ണായകമാകുക. ഇനി അഥവാ മെരിറ്റ് ടേണിൽ സംവരണക്കാർ പോകുന്നില്ലെങ്കിൽ അതിന് കാരണം കേവലം

സാങ്കേതികം മാത്രമാണ്. അതായത് റാങ്ക് ലിസ്റ്റിൽ ആദ്യമാദ്യം സംവരണക്കാർ മെരിറ്റിലും സംവരണടേണിലും പോയിക്കഴിഞ്ഞു. അങ്ങനെ അവരുടെ സാന്നിധ്യം മെയിൻ റാങ്ക് ലിസ്റ്റിൽ ഇല്ലാതാകുന്നു.”

മറുപടി: സംവരണക്കാർ **ആരും മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കപ്പെടുന്നില്ല എന്നു ഞാനും വാദിക്കുന്നില്ല. മറിച്ച് ആദ്യ യൂണിറ്റിനു ശേഷം അത് അപൂർവങ്ങളിൽ അപൂർവമായ സംഗതിയാണെന്നാണു വാദം. തെളിവായി രണ്ടു ലിസ്റ്റുകൾ ഇവിടെ ഉദ്ധരിക്കാം. ആവശ്യമെങ്കിൽ എത്രവേണമെങ്കിലും ലിസ്റ്റ് ഹാജരാക്കാം..**

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരെ തിരഞ്ഞെടുക്കാനായി 2008ലും 2011ലും പ്രാബല്യത്തിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ ഉദാഹരണമായി പരിശോധിക്കാം.

2008 മാർച്ച് 3നു പ്രാബല്യത്തിൽ വന്ന റാങ്ക് ലിസ്റ്റിൽ(മെയിൻ ലിസ്റ്റിൽ) 1911 പേരാണുള്ളത്. അതിൽ 791 പേർ സംവരണ സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർഥികളാണ്.അതായത് 41.39 % പേർ.
2011 ജനുവരി 13നു പ്രാബല്യത്തിൽ വന്ന റാങ്ക് ലിസ്റ്റിൽ മൊത്തം 2145 പേരുണ്ട്. 900 പേരാണ് സംവരണ സമുദായക്കാർ-41.96 %.

ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര സംവരണ സമുദായക്കാർക്കു മെറിറ്റിൽ നിയമനം കിട്ടി എന്നു നോക്കാം. 2008ലെ ലിസ്റ്റിൽ നിന്നു നിയമനം ആരംഭിക്കുന്നത് 12.5.2008ലാണ്. 2010 ഒക്ടോബർ 7 വരെ ആകെ 1665 പേരെയാണ് പി എസ് സി

അഡ്വൈസ് ചെയ്തത്. 808പേരെ മെറിറ്റിലും- ഓ സി ടേണിലും- 808 പേരെ സംവരണ(റിസർവേഷൻ)ടേണിലും തിരഞ്ഞെടുത്തു.49പേരെ വികലാംഗ സംവരണത്തിലും തിരഞ്ഞെടുത്തു. മെറിറ്റിൽ തിരഞ്ഞെടുക്കപ്പെട്ട 808 പേരിൽ ആകെ 9 സംവരണ സമുദായ ഉദ്യോഗാർഥികൾ (7മുസ്ലിം, 2 ധീവര)മാത്രമാണുണ്ടായിരുന്നത്. ബാക്കി 799 പേരും സംവരണേതര സമുദായക്കാർ മാത്രം. ഈ ഏഴു മുസ്ലിങ്ങൾ തന്നെ വരാൻ കാരണം, ഏറ്റവും അവസാനത്തെ കുറച്ചു റാങ്കുകാർ അടുപ്പിച്ച് മുസ്ലിങ്ങൾ തന്നെയായതിനാലും അവസാനത്തെ മുന്നോക്ക സമുദായ ഉദ്യോഗാർഥിയ്ക്കു വരെ അതിനകം നിയമനം കിട്ടിയിരുന്നതിനാലും ആണ്.

ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര സംവരണ സമുദായക്കാർക്കു മെറിറ്റിൽ നിയമനം കിട്ടി എന്നു നോക്കാം. 2008ലെ ലിസ്റ്റിൽ നിന്നു നിയമനം ആരംഭിക്കുന്നത് 12.5.2008ലാണ്. 2010 ഒക്റ്റോബർ 7 വരെ ആകെ 1665 പേരെയാണ് പി എസ് സി അഡ്വൈസ് ചെയ്തത്. 808പേരെ മെറിറ്റിലും- ഓ സി ടേണിലും- 808 പേരെ സംവരണ(റിസർവേഷൻ)ടേണിലും തിരഞ്ഞെടുത്തു.49പേരെ വികലാംഗ സംവരണത്തിലും തിരഞ്ഞെടുത്തു. മെറിറ്റിൽ തിരഞ്ഞെടുക്കപ്പെട്ട 808 പേരിൽ ആകെ 9 സംവരണ സമുദായ ഉദ്യോഗാർഥികൾ (7മുസ്ലിം, 2 ധീവര)മാത്രമാണുണ്ടായിരുന്നത്. ബാക്കി 799 പേരും സംവരണേതര സമുദായക്കാർ മാത്രം. ഈ ഏഴു മുസ്ലിങ്ങൾ തന്നെ വരാൻ കാരണം, ഏറ്റവും അവസാനത്തെ കുറച്ചു റാങ്കുകാർ അടുപ്പിച്ച് മുസ്ലിങ്ങൾ തന്നെയായതിനാലും അവസാനത്തെ മുന്നോക്ക സമുദായ ഉദ്യോഗാർഥിയ്ക്കു വരെ അതിനകം നിയമനം കിട്ടിയിരുന്നതിനാലും ആണ്.

ആദ്യത്തെ നൂറു റാങ്കുകാരിൽ 19 സംവരണ

സമുദായക്കാരു(8ഈഴവർ, 6മുസ്ലിങ്ങൾ, 2 ഓ.ബീ.സീക്കാർ, 1 ലത്തീൻ കത്തോലിക്കൻ, 1പട്ടികജാതിക്കാരൻ, 1 വിശ്വകർമ)ണ്ട്. ഇവരേക്കാൾ എത്രയോ മാർക്കു കുറഞ്ഞ ഏറ്റവും അവസാനത്തെ (1907-ാം റാങ്ക്) മുന്നോക്ക സമുദായ ഉദ്യോഗാർഥിയെ വരെ ഓ.സി. ടേണിൽ തിരഞ്ഞെടുത്തപ്പോൾ ഈ 19പേരിൽ ഭൂരിപക്ഷത്തെയും അതിനു ശേഷം വരുന്ന ഏതാണ്ടെല്ലാ പിന്നോക്ക സമുദായക്കാരെയും സംവരണ ടേണിലാണു തിരഞ്ഞെടുത്തത്. 808 പേരെ ഓ.സി. ടേണിൽ നിയമിക്കുമ്പോൾ നിയമപരമായി റാങ്ക് ലിസ്റ്റിലെ ആദ്യത്തെ 808 പേർക്കാണ് ആ ടേണുകൾ ലഭിക്കേണ്ടത്.ആ 808 പേരിൽ വരുന്ന ഉദ്യോഗാർഥികളുടെ സമുദായം അവിടെ പരിഗണിക്കാൻ പാടില്ല. ആ നിലയ്ക്ക് ആദ്യത്തെ 808 പേരിൽ വരുന്ന മുഴുവൻ സംവരണ സമുദായ ഉദ്യോഗാർഥികൾക്കും ഓ.സി.ടേൺ തന്നെ സെലക്ഷൻ ലഭിക്കണം.അതായത് 281 സംവരണ സമുദായ ഉദ്യോഗാർഥികൾക്ക് മെറിറ്റ് നിയമനം കിട്ടേണ്ടതുള്ളപ്പോളാണ് കേവലം ഒമ്പതുപേർക്കു ലഭിച്ചതെന്നർഥം.

2011ലെ ലിസ്റ്റിൽ നിന്നു 17-02-2011 മുതലാണു നിയമന ശിപാർശ ആരംഭിക്കുന്നത്. 12-12-2011 വരെ ആകെ 866 പേർക്കു ശിപാർശ നൽകി. 323 പേരെ ഓ.സി.(മെറിറ്റ്) ടേണിലും അത്രയും തന്നെ പേരെ സംവരണ ടേണിലും തിരഞ്ഞെടുത്തു. 200 എണ്ണം എൻ.ജെ.ഡിയും 20 എണ്ണം വികലാംഗ സംവരണവുമാണ്. എല്ലാത്തിലും കൂടിയായി വെറും ഏഴു സംവരണ സമുദായ ഉദ്യോഗാർഥികൾ(2ഈഴവ, 2 ഓ.ബീ.സീ., 3എസ്.സി.) ക്കാണു മെറിറ്റ് ടേൺ ലഭിച്ചത്. ബാക്കി ഓ.സി.ടേണിൽ തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ പേരും സംവരണേതര സമുദായങ്ങളിൽ നിന്നാണ്. ഈ ലിസ്റ്റിലും ആദ്യത്തെ നൂറുപേരിൽ 32 സംവരണ സമുദായ

ഉദ്യോഗാർഥികളുണ്ട്. അവരിൽ കേവലം 6 പേരെയാണു മെറിറ്റിൽ നിയമനത്തിനായി ശിപാർശ ചെയ്തത്. ബാക്കിയുള്ള സകലരെയും സംവരണ ടേണിൽ നിയമിച്ചപ്പോൾ 685 -ാമത്തെ റാങ്കുള്ള സംവരണേതര സമുദായ ഉദ്യോഗാർഥിനി വരെ മെറിറ്റിൽ തിരഞ്ഞെടുക്കപ്പെട്ടു. ഇവിടെയും 112 സംവരണ സമുദായക്കാർക്ക് മെറിറ്റിൽ നിയമന ശിപാർശ നൽകേണ്ടതുള്ളപ്പോളാണ് വെറും ആറു പേർക്ക് ഓ.സി. ടേണിൽ നിയമനം നൽകിയത്.
(മെറിറ്റിൽ തിരഞ്ഞെടുക്കപ്പെട്ട 1907-ാമത്തെയും 685-ാമത്തെയും റാങ്കുകാരായ സംവരണേതരക്കാർ ,ആദ്യത്തെ നൂറിനകത്തു റാങ്ക് നേടിയിട്ടും സംവരണത്തിൽ തിരഞ്ഞെടുക്കപ്പെട്ട സംവരണസമുദായ ഉദ്യോഗാർഥികളെ നോക്കി “നീയൊക്കെ സംവരണത്തിലല്ലേ തിരഞ്ഞെടുക്കപ്പെട്ടത്?” എന്നു പരിഹസിക്കുന്നതിന്റെ തമാശ ഒന്നോർത്തു നോക്കുക)

വാദം 3. ” ചില റാങ്ക് ലിസ്റ്റുകളിൽ അങ്ങനെ(മെറിറ്റിൽ സംവരണക്കാരെ തിരഞ്ഞെടുക്കാത്തത്- ലേഖകൻ) സംഭവിച്ചാൽ അതെന്തുകൊണ്ടെന്ന് വിശദീകരിച്ചു. No harm for reservation even if it happens. എല്ലാ റാങ്ക് ലിസ്റ്റിലും അങ്ങനെ സംഭവിക്കണമെന്നില്ല, സംഭവിക്കുന്നുമില്ല. റാങ്ക് ലിസ്റ്റിന് വലുപ്പം കൂടുതലാണെങ്കിൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത തീരെയില്ല. ഇനി അഥവാ അങ്ങനെ സംഭവിച്ചാൽ അതുകൊണ്ട് സംവരണക്കാർക്ക് കുഴപ്പവുമില്ല. മെയിൻ ലിസ്റ്റിൽ ആളില്ലാതെ വരുന്നത് സംവരണക്കാർക്ക് മെരിറ്റ് ലിസ്റ്റിൽ കൂടുതലായി വരാനാവാത്തതുകൊണ്ടാണ്. അപ്പോഴും ഓരോ രണ്ട് നിയമനത്തിലും ഒരെണ്ണം(one in every two) അവർക്ക് കൃത്യമായി ലഭിക്കുന്നുണ്ട്. മെരിറ്റ് ലിസ്റ്റിൽ നിന്ന് തന്നെ പോകണമെങ്കിൽ മെരിറ്റ് ലിസ്റ്റിൽ ഉണ്ടാവണം. അതല്ലാതെ

വേറെ രക്ഷയില്ല. വെള്ളമില്ലാത്തിടത്ത് മുങ്ങാനാവില്ലല്ലോ.”



മറുപടി: മെറിറ്റിൽ പോകേണ്ട സംവരണക്കാരെ സംവരണടേണിൽ തിരഞ്ഞെടുത്താൽ ആ സമുദായക്കാർക്കു നഷ്ടമാണെന്നു മുകളിൽ ഞാൻ സ്ഥാപിച്ചിട്ടുണ്ട്. അപ്പോൾ, ‘അതു സംഭവിച്ചാലും സംവരണക്കാർക്കു കുഴപ്പമൊന്നുമില്ലെ’ന്ന വാദം അസംബന്ധമാണ്. റാങ്ക് ലിസ്റ്റിനു വലുപ്പം കൂടിയാലും ‘അങ്ങനെ’യേ-മെറിറ്റിൽ പോകേണ്ട സംവരണക്കാർ സംവരണടേണിൽ പോകുന്നതേ-സംഭവിക്കൂ. തെളിവ് മുകളിൽ ഉദാഹരിച്ച ലിസ്റ്റുകൾ തന്നെ. മെറിറ്റ് ലിസ്റ്റി(മെയ്ൻ റാങ്ക് ലിസ്റ്റി)ൽത്തന്നെയുള്ള സംവരണക്കാരുടെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്. അവർ നേരത്തെതന്നെ സംവരണടേണിൽ നിയമനം കിട്ടിപ്പോകുന്നത്-രവിചന്ദ്രന്റെ ഭാഷയിൽ ‘വെള്ളമില്ലാതെ’യാകുന്നത്- യൂണിറ്റിന്റെ വലുപ്പം ചെറുതായതുകൊണ്ടാണെന്നു പറഞ്ഞുകഴിഞ്ഞ കാര്യമാണ്. അല്ലാത്തപക്ഷം അവർ മെറിറ്റിലും അവരേക്കാൾ മാർക്കു കുറഞ്ഞ സംവരണസമുദായക്കാർ സംവരണത്തിലും തിരഞ്ഞെടുക്കപ്പെടും (സീനിയോറിറ്റി നിലനിർത്താൻ സ്ഥാനവും മാറ്റും).

വാദം 4. “മെരിറ്റ് ടേണിന് മുന്നിലായി സീനിയോറിറ്റി നിശ്ചയിച്ചാണ് സംവരണക്കാരെ അവരുടെ ടേണിൽ നിയമിക്കുന്നത്. ഉദാ- മെരിറ്റ് ലിസ്റ്റിൽ 112 ാം റാങ്കുകാരനെ MRII 95 ആയി നിയമിക്കുന്നു. ഇയാളുടെ മാർക്ക് 75 ആണെന്ന്

കരുതുക. അടുത്ത ടേൺ MRII 96 LC/AIആണെന്നിരിക്കട്ടെ. മെയിൻലിസ്റ്റിൽ LC ബാക്കിയില്ല. LC സപ് ളിമെന്ററിയിൽ റാങ്ക് 4 വരെ പോയിട്ടുണ്ട്. ഇനിയുള്ളത് അഞ്ചാം റാങ്കുകാരൻ LC-അയാളെ അഡ്വൈസ് ചെയ്യുന്നു. ടിയാന്റെ മാർക്ക് 35. അടുത്തത് MRII 97 OC ആണ്. അതിലും 75 മാർക്കുള്ള ഒരു ജനറൽമെരിറ്റുകാരനെ വിടുന്നു. പക്ഷെ അയാൾ എക്കാലവും 35 മാർക്ക് വാങ്ങിയ സംവരണക്കാരന്റെ(LC) ജൂനിയറായിരിക്കും. ഇവിടെ സംവരണക്കാരന് ജോലി കിട്ടുക മാത്രമല്ല, മെയിൻലിസ്റ്റിൽ ഇനി ബാക്കിയുള്ള 75 മാർക്കുകാരെക്കാൾ മുമ്പേ കിട്ടുകയും (സീനിയോറിറ്റി) കൂടി ചെയ്യുന്നു എന്നാണ് ശ്രദ്ധിക്കേണ്ടത്. ബാക്കിയുള്ള പല മെയിൻ ലിസ്റ്റുകാർക്കും ജോലി തന്നെ കിട്ടിക്കൊള്ളണമെന്നില്ല. ഇതാണ് Communal Rotation സമ്പ്രദായത്തിന്റെ മഹത്വം. ഇവിടെ സൂചിപ്പിച്ച് 75-35 മാർക്ക് വ്യത്യാസം മാത്രം പരിഗണിക്കേണ്ട. ചിലപ്പോഴത് 95 ഉം പൂജ്യവുമായിരിക്കും. എന്നാലും സംവരണത്തിനോ ടേണിനോ ഊനം തട്ടുന്നില്ല. മെയിൻലിസ്റ്റിൽ നിന്ന് ജോലി കിട്ടിയില്ലേ എന്ന പരാതി മിതമായി പറഞ്ഞാൽ വിചിത്രമാണ്. ”

മറുപടി: ഈ വാദങ്ങൾക്കു വിശേഷിച്ചു മറുപടിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. വസ്തുതാപരമായി ശരിയായ കാര്യമാണിത്. എന്നാൽ രവിചന്ദ്രൻ തന്ത്രപൂർവം വായനക്കാരെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നിണ്ടിവിടെ. ‘മെയ്ൻ ലിസ്റ്റിൽ നിന്നു ജോലി കിട്ടിയില്ലെ’ന്ന പരാതി ഇവിടെ ആരും ഉന്നയിച്ചിട്ടില്ല. (അല്ലെങ്കിലും അതെന്തു പരാതിയാണ്?) മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കപ്പെടേണ്ടവരെ സംവരണടേണിൽ ഒതുക്കുന്നു എന്നതാണു പരാതി. തന്മൂലം സംവരണസമുദായക്കാർക്ക് അത്രയും ഉദ്യോഗങ്ങൾ നഷ്ടപ്പെടുന്നു. മെയ്ൻ ലിസ്റ്റിലെ പലർക്കും(അതായത്

‘സംവരണഹീനർ’ക്കു) ജോലി കിട്ടുന്നില്ല എന്ന രവിചന്ദ്രന്റെ പരാതി വാസ്തവത്തിൽ ആടിനെ പട്ടിയാക്കലാണ്.ശരിക്കും സംഭവിക്കുന്നത് അർഹതയില്ലാത്ത പല ‘സംവരണഹീനർ’ക്കും ജോലി കിട്ടുന്നു എന്നതാണു്.

ഈ വാദങ്ങൾക്കു വിശേഷിച്ചു മറുപടിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. വസ്തുതാപരമായി ശരിയായ കാര്യമാണിത്. എന്നാൽ രവിചന്ദ്രൻ തന്ത്രപൂർവം വായനക്കാരെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നിണ്ടിവിടെ. ‘മെയ്ൻ ലിസ്റ്റിൽ നിന്നു ജോലി കിട്ടിയില്ലെ’ന്ന പരാതി ഇവിടെ ആരും ഉന്നയിച്ചിട്ടില്ല. (അല്ലെങ്കിലും അതെന്തു പരാതിയാണ്?) മെറിറ്റ് ടേണിൽ തിരഞ്ഞെടുക്കപ്പെടേണ്ടവരെ സംവരണടേണിൽ ഒതുക്കുന്നു എന്നതാണു പരാതി. തന്മൂലം സംവരണസമുദായക്കാർക്ക് അത്രയും ഉദ്യോഗങ്ങൾ നഷ്ടപ്പെടുന്നു. മെയ്ൻ ലിസ്റ്റിലെ പലർക്കും(അതായത് ‘സംവരണഹീനർ’ക്കു) ജോലി കിട്ടുന്നില്ല എന്ന രവിചന്ദ്രന്റെ പരാതി വാസ്തവത്തിൽ ആടിനെ പട്ടിയാക്കലാണ്.ശരിക്കും സംഭവിക്കുന്നത് അർഹതയില്ലാത്ത പല ‘സംവരണഹീനർ’ക്കും ജോലി കിട്ടുന്നു എന്നതാണു്.

വാദം 5.”മെരിറ്റ് ലിസ്റ്റിലുള്ള സംവരണക്കാരന് മെരിറ്റ് ടേണാണോ സംവരണടേണാണോ ഗുണകരം എന്നു നോക്കിയാണ് ഇപ്പോൾ നിയമിക്കുന്നത്. അത് വേണ്ടെന്ന് പറയുന്നത് സംവരണക്കാർക്ക് സഹായകരമല്ല”

മറുപടി: ഇതിനും മുകളിൽ മറുപടിയുണ്ട്. എങ്കിലും ആവർത്തിക്കട്ടെ. അതു വേണ്ടെന്നു സംവരണക്കാരാരും പറയുന്നില്ല, മറിച്ച് അവരെ ആദ്യം വരുന്ന സംവരണ

ടേണിൽത്തന്നെ തിരഞ്ഞെടുക്കണം. ശേഷമുള്ള യൂണിറ്റിൽ അവരുടെ മെറിറ്റ് ടേൺ വരും. അപ്പോൾ അവരുടെ സമുദായക്കാരെ മാത്രമേ അതിലേക്കു പരിഗണിക്കാവൂ. അല്ലാത്തപക്ഷം സംവരണസമുദായക്കാർക്ക് ആദ്യ യൂണിറ്റിൽ മാത്രമേ മെറിറ്റ് ടേൺ നിയമനമുള്ളൂ എന്ന ഇപ്പോഴത്തെ അവസ്ഥയായിരിക്കും. അപവാദങ്ങൾ അപൂർവങ്ങളിൽ അപൂർവമാണെന്നു മുൻപേ സ്ഥാപിച്ചുകഴിഞ്ഞു.

വാദം 6. “മെരിറ്റ് ടേണിലും സംവരണടേണിലും സംവരണക്കാരെയേ നിയമിക്കാവൂ എന്ന വാദം ഭരണഘടനാവിരുദ്ധമായ അത്യഗ്രഹത്തിൽപ്പെടും. 50-50 ആണ് നിലവിലുള്ള നിയമം. നിയമം മറന്ന് കിനാവ് കാണുന്നത് ചർച്ചയുടെ പരിധിയിൽ പെടില്ല. അതൊക്കെ സ്വകാര്യവിനോദം മാത്രം”

മറുപടി: അങ്ങനെയൊരു വാദം ആരും ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് ‘അത്യാഗ്രഹ’ത്തിന്റെ പ്രശ്നമേയില്ല. സംവരണം 50 ശതമാനം പാലിക്കുന്നുണ്ട്.പക്ഷേ മെറിറ്റിൽ കയറേണ്ടവരെക്കൂടി ഉൾപ്പെടുത്തിയാണ് ഇപ്പോളതു പാലിക്കുന്നത്. തന്മൂലം യഥാർഥത്തിൽ സംവരണടേണിൽ നിയമനം കിട്ടേണ്ട ആയിരക്കണക്കിനു് ഉദ്യോഗാർഥികൾക്കാണ് അവസരം നഷ്ടമാകുന്നത്.

വാദം 7.”സൈക്കിൾ സംവരണത്തിന്റെ നിലവിലുള്ള നിയമത്തിന് വിരുദ്ധമാണ്. അത് 20 ആയാലും 50 ആയാലും. ഒരു സംവരണക്കാരൻ- ഒരു മെരിറ്റ് കാരൻ എന്ന നിലയിൽ ഒന്നിടവിട്ട ടേണുകളിൽ നിയമിക്കട്ടെ. മെരിറ്റ് ടേണിലും സംവരണ ടേണിലും മുഴുവൻ ഒന്നിടവിട്ട് സംവരണക്കാരൻ തന്നെ പോകട്ടെ ”

മറുപടി: ഈ ഒന്നിടവിട്ട ടേണെന്നത് നായർ സർവീസ് സൊസൈറ്റി(എൻ.എസ്.എസ്) നാളുകളായി ഉന്നയിച്ചുവരുന്ന വാദമാണ്. മെറിറ്റ് സീറ്റുകാരൻ സംവരണത്തിൽപ്പോകുന്നതിന് അപ്പോഴും ഒരു മാറ്റവും വരില്ല.കൂടുതൽ നഷ്ടം സംവരണസമുദായക്കാർക്കു സംഭവിക്കുകയും ചെയ്യും. യൂണിറ്റിന്റെ വലുപ്പം ചെറുതാകുമ്പോളാണു നഷ്ടം കൂടുന്നതെന്ന് മുകളിലെ എന്റെ വിശദീകരണങ്ങളിൽ നിന്നു മനസ്സിലാക്കാമല്ലോ. ആദ്യയൂണിറ്റിനുശേഷമുള്ള മെറിറ്റ് ടേണുകളിൽ സംവരണേതരക്കാർ/സംവരണഹീനർ മാത്രമേ പോകാറുള്ളൂ എന്ന യാഥാർഥ്യത്തെ മറച്ചുപിടിക്കാനുള്ള തന്ത്രം മാത്രമാണ് “മെരിറ്റ് ടേണിലും സംവരണ ടേണിലും മുഴുവൻ ഒന്നിടവിട്ട് സംവരണക്കാരൻ തന്നെ പോകട്ടെ” എന്ന പരിഹാസം.

ഉദാഹരണം കൊണ്ടു സമർഥിക്കാം. ഒരു ലിസ്റ്റിലെ ആദ്യത്തെ രണ്ടു റാങ്കുകാർ ഈഴവരാണെന്നു കരുതുക.മൂന്നാമത്തെയാൾ



സംവരണേതരക്കാരനാണെന്നും കരുതുക,
(എപ്പോഴും ഈഴവരെ ഉദാഹരിക്കുന്നത് ആദ്യത്തെ സംവരണ ടേൺ അവരുടേതായതുകൊണ്ടാണ്.) ആദ്യത്തെ റാങ്കുകാരനെ ഒന്നാമത്തെ ഓ.സി. ടേണിൽ തിരഞ്ഞെടുക്കുന്നു; രണ്ടാമത്തെ ഈഴവ ടേണിൽ രണ്ടാം റാങ്കുള്ള ഈഴവ

ഉദ്യോഗാർഥി(നി)യെയും . മൂന്നാമത്തെ ഓ.സി. ടേണിൽ ആരെ തിരഞ്ഞെടുക്കും? സ്വാഭാവികമായും മൂന്നാമത്തെ റാങ്കുള്ളയാളെ. വാസ്തവത്തിൽ അതു രണ്ടാമത്തെ ഈഴവ ഉദ്യോഗാർഥിയുടെ മെറിറ്റ് ടേണാണ്. അതായത് ആകെ മൂന്നുപേരെ മാത്രമേ തിരഞ്ഞെടുക്കുന്നുവെങ്കിൽ രണ്ട് മെറിറ്റ് നിയമനവും ഒരു സംവരണ നിയമനവുമാണു നടക്കേണ്ടത്, മറിച്ചുപാടില്ല. കാരണം അത് 50 % സംവരണം എന്ന തത്ത്വത്തിനു വിരുദ്ധമാകും. ആ നിലയ്ക്ക് രണ്ട് ഓ.സി ടേണുകളിൽ റാങ്ക് ലിസ്റ്റിലെ ആദ്യത്തെ രണ്ടു റാങ്കുകാരെവേണം തിരഞ്ഞെടുക്കാൻ. അല്ലെങ്കിൽ മാർക്കു കൂടിയയാൾ സംവരണടേണിലും കുറഞ്ഞയാൾ മെറിറ്റ് ടേണിലും പോകും. അതായത് മൂന്നാമത്തെ ഓ.സി ടേണിൽ രണ്ടാം റാങ്കുള്ള ഈഴവ ഉദ്യോഗാർഥിയെ എടുത്തിരുന്നുവെങ്കിൽ രണ്ടാമത്തെ ഈഴവ ടേണിൽ രണ്ടാം റാങ്കിനു ശേഷം വരുന്ന ഈഴവ ഉദ്യോഗാർഥി(നി) വന്നേനെ. (പരസ്പരം സ്ഥാനം മാറ്റണമെന്നു പറയേണ്ടല്ലോ).രവിചന്ദ്രന്റെ നിയമനരീതിയിൽ സംഭവിക്കുക അതായിരിക്കില്ല.ആദ്യ ഓ.സി ടേണിൽ ഒന്നാം റാങ്കുള്ള ഈഴവ ഉദ്യോഗാർഥി. രണ്ടാമത്തെ ഈഴവ സംവരണടേണിൽ 2-ാം റാങ്കുള്ള ഈഴവ ഉദ്യോഗാർഥി. മൂന്നാമത്തെ ഓ.സി. ടേണിൽ സംവരണേതര ഉദ്യോഗാർഥി. അപ്പോൾ ആർക്കു നഷ്ടം വരും?ഈഴവർക്ക് ഒരു സീറ്റ് പോയതുതന്നെ. കാഞ്ഞ ബുദ്ധിതന്നെ പ്രൊഫസറുടേത്.

വാദം 8."ടേൺ ഏതായാലും സീനിയോറിറ്റിയാണ് നോക്കേണ്ടത്. മാർക്കു കുറഞ്ഞ സംവരണഹീനന് മാർക്ക് കൂടിയ സംവരണക്കാരനെക്കാൾ മികച്ച സ്ഥാനം റൊട്ടേഷനിൽ ഒരിക്കലും സംഭവിക്കില്ല. 110 ശതമാനം ഉറപ്പ്. തിരിച്ച് സംഭവിക്കാം, തിരിച്ചാണ് സംഭവിക്കുന്നതും"

ഒന്നാം റാങ്കുകാരന് ഒന്നാമതു നിയമനം കിട്ടണം' എന്നും ആരും വാദിക്കുന്നില്ല. മറിച്ച് അയാളെ സംവരണടേണിലും രണ്ടാം റാങ്ക് കിട്ടിയയാളെ മെറിറ്റ് ടേണിലും തിരഞ്ഞെടുക്കുന്നത് നീതിയോ ന്യായമോ അല്ലെന്നാണു വാദം. മാർക്കു കൂടിയവരെ സംവരണടേണിലേക്കല്ല പരിഗണിക്കേണ്ടത്. അങ്ങനെ പരിഗണിച്ചാൽ മെറിറ്റ് എന്ന എന്ന പ്രയോഗം തന്നെ അർഥശൂന്യമാകും. മെറിറ്റ് സീറ്റിന് അർഹതയുള്ളവരെ മെറിറ്റിൽത്തന്നെ പരിഗണിക്കണമെന്ന് നിരവധി കോടതിവിധികളിലൂടെയും സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്.

മറുപടി: മാർക്കു കൂടിയ സംവരണസമുദായക്കാരന് സംവരണ സീറ്റും മാർക്കു കുറഞ്ഞ സംവരണേതരക്കാരന് മെറിറ്റ് സീറ്റും ലഭിക്കുന്നു എന്നതിന്റെ അപകടം മനസ്സിലാക്കാത്തവരെ ഈ വാദം വഴിതെറ്റിക്കാനിടയുണ്ട്. സീനിയോറിറ്റി നഷ്ടപ്പെടാതെ പ്രശ്നം പരിഹരിക്കുന്ന കാര്യം വിശദീകരിച്ചുകഴിഞ്ഞു. മുകളിലെ ഉദാഹരണം നോക്കുക. രണ്ടാം റാങ്കുകാരനായ സംവരണസമുദായക്കാരന് സംവരണ സീറ്റും അയാളേക്കാൾ താഴെ വരുന്ന, മൂന്നാം റാങ്കുള്ള സംവരണേതര ഉദ്യോഗാർഥി(നി)ക്ക് മെറിറ്റ് സീറ്റും ലഭിക്കുന്നു. തീർച്ചയായും ഇവിടെ സംവരണക്കാരനു തന്നെയായിരിക്കും സീനിയോറിറ്റി. മൂന്നൊഴിവാണ് ഇവിടെ ആകെയുള്ളതെന്നു കരുതുക. രവിചന്ദ്രൻ പറയുന്നപോലെയുള്ള നിയമനരീതി സ്വീകരിച്ചാലും ഇപ്പോഴത്തെ പി എസ് സിയുടെ റൊട്ടേഷൻ സമ്പ്രദായം സ്വീകരിച്ചാലും ആ മൂന്നാമത്തെ ഒഴിവിൽ മൂന്നാം റാങ്കുള്ള സംവരണേതര ഉദ്യോഗാർഥി(നി) തിരഞ്ഞെടുക്കപ്പെടും. ശാസ്ത്രീയമായ നിയമന രീതിയിൽ അയാൾ തിരഞ്ഞെടുക്കപ്പെടുകയേയില്ല. കാരണം അയാളുടെ മെറിറ്റ് ടേൺ (5 OC) പിന്നാലെ വരുന്നതേയുള്ളൂ. അയാൾക്ക്



മൂന്നാമത്തെ ഓ.സി.ടേണിന് അർഹതയേയില്ല. രവിചന്ദ്രന്റെ (പി.എസ്.സിയുടെ) നിയമനരീതി മൂലം അർഹതയില്ലാത്ത സീറ്റ് സംവരണേതര സമുദായ ഉദ്യോഗാർഥിക്ക് ചുളുവിൽ അടിച്ചെടുക്കാൻ സാധിക്കുന്നു എന്നതാണു നേട്ടം. എന്നിട്ടും സംവരണേതരക്കാരനു വലിയ നഷ്ടം സംഭവിക്കുന്നു എന്ന ധാരണ പരത്താനാണു രവിചന്ദ്രൻ ശ്രമിക്കുന്നത്. സംവരണം മൂലം സംവരണേതരക്കാർക്കു ജോലിയേ കിട്ടുന്നില്ല എന്നു പറഞ്ഞുവയ്ക്കാഞ്ഞതു ഭാഗ്യം!

വാദം 9. “മെരിറ്റുകാരന് സംവരണടേണിൽ നിയമനം ലഭിച്ചാലും അയാൾക്ക് സംവരണടേണിൽ തന്നെ നിയമനം ലഭിച്ചാലും 50 ശതമാനം സംവരണമെന്ന തത്വം ഉറപ്പിക്കപ്പെടുന്നുണ്ട്. മാർക്കു കൂടിയവനാണോ മാർക്കു കുറഞ്ഞവനാണോ സംവരണടേണിൽ നിയമനം ലഭിക്കുന്നുവെന്നത് സംവരണത്തിന്റെ പ്രശ്നമല്ല. സംവരണം പാലിക്കുന്നോ എന്ന് നോക്കിയാൽ മതി. അമിതസംവരണമാണ് ലക്ഷ്യമിടുന്നെങ്കിലേ ഇത്തരം വാദങ്ങൾക്ക് എന്തെങ്കിലും പ്രസക്തിയുള്ളു ”

മറുപടി: ഇത് ‘സംവരണം പാലിക്കുന്നുണ്ടോ’ എന്ന പ്രശ്നമേയല്ല. സംവരണം എങ്ങനെയായാലും 50 ശതമാനം ലഭിക്കും. സംവരണക്കാർക്ക് മെറിറ്റ് സീറ്റിനും അർഹതയുണ്ടെന്ന നിയമം സംവരണേതരക്കാരനായ രവിചന്ദ്രന് അംഗീകരിക്കാനാകാത്തതാണു യഥാർഥ പ്രശ്നം. അതുകൊണ്ടാണു മെറിറ്റിൽ കിട്ടുന്ന സീറ്റുകളെയും കണക്കാക്കി ‘അമിതസംവരണം’ എന്നെല്ലാം അദ്ദേഹം

തട്ടിവിടുന്നത്.

വാദം 10. “ഒന്നാം റാങ്കുകാരന് ഒന്നാമത് നിയമനം കിട്ടണം എന്ന നിർബന്ധം ഇന്നത്തെ communal reservationസൈക്കിൾ പ്രകാരം ഇല്ല. സത്യത്തിൽ ഇതൊരു സംവരണ സംരക്ഷണനിയമമാണ്. ie. 100% pro-reservation provision. ഇത് മിക്കപ്പോഴും(99%) പ്രതികൂലമായി ബാധിക്കുന്നത് സംവരണഹീനരായ ആദ്യ റാങ്കുകാരെയാണ്……ഒന്നാം റാങ്കുകാരന് സംവരണ ടേണിൽ നിയമനം ലഭിക്കുന്നതിൽ “കുറച്ചിൽ ” തോന്നേണ്ട കാര്യമൊന്നുമില്ല ”

മറുപടി: ‘ഒന്നാം റാങ്കുകാരന് ഒന്നാമതു നിയമനം കിട്ടണം’ എന്നും ആരും വാദിക്കുന്നില്ല. മറിച്ച് അയാളെ സംവരണടേണിലും രണ്ടാം റാങ്ക് കിട്ടിയയാളെ മെറിറ്റ് ടേണിലും തിരഞ്ഞെടുക്കുന്നത് നീതിയോ ന്യായമോ അല്ലെന്നാണു വാദം. മാർക്കു കൂടിയവരെ സംവരണടേണിലേക്കല്ല പരിഗണിക്കേണ്ടത്. അങ്ങനെ പരിഗണിച്ചാൽ മെറിറ്റ് എന്ന എന്ന പ്രയോഗം തന്നെ അർഥശൂന്യമാകും. മെറിറ്റ് സീറ്റിന് അർഹതയുള്ളവരെ മെറിറ്റിൽത്തന്നെ പരിഗണിക്കണമെന്ന് നിരവധി കോടതിവിധികളിലൂടെയും സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്.

വാദം 11. “മുൻ സെലക്ഷനിലെ Thrown out (it can be OC also), NJD, NCA … തുടങ്ങിയവയ്ക്കൊക്കെ തൃപ്തികരമായ പരിഹാരം കണ്ടതിന് ശേഷമേ പുതിയ റാങ്ക് ലിസ്റ്റ് ഓപ്പറേറ്റ് ചെയ്തു തുടങ്ങൂ. അതുവരെ ഈ ഗ്യാപുകൾ പുതിയ റാങ്ക് ലിസ്റ്റിലെ നിർദ്ദിഷ്ട സംവരണക്കാരെ കൊണ്ട് നികത്തും. അത് ചിലപ്പോൾ ഒന്നാം റാങ്കുകാരനാകാം, സപ്ളിമെന്ററിക്കാരനാകാം. അതായത് സദ്യ ഔദ്യോഗികമായി തുടങ്ങുന്നതിന് മുമ്പ് തന്നെ ഇവർക്ക് സദ്യ ലഭിക്കുകയാണ്.

അത് മൂലം അവർക്ക് വളരെ മുന്തിയ സീനിയോരിറ്റി (utmost seniority)ലഭിക്കും. അതായത് ഇരട്ടി മെച്ചം. എന്നാൽ സംവരണഹീനനാണ് ഒന്നാം റാങ്കു ലഭിക്കുന്നതെങ്കിൽ തിരിച്ച് അനുഭവിക്കും. 99 ശതമാനം കേസിലും സംഭവിക്കുന്നത് അതാണുതാനും."

മറുപടി: മുകളിലെ ഉദാഹരണത്തിലും 'സംവരണഹീന'ർക്ക് വലിയ തിക്താനുഭവം നേരിടേണ്ടിവരുന്നു എന്നു രവിചന്ദ്രൻ വിലപിക്കുന്നുണ്ട്. Thrown-out (it can be OC also), NJD, NCA …ഗ്യാപുകൾ 'പുതിയ റാങ്ക് ലിസ്റ്റിലെ നിർദ്ദിഷ്ട സംവരണക്കാരെ കൊണ്ട് നികത്തും' എന്നതിൽ എന്തെങ്കിലും അനീതിയുണ്ടോ? ഇല്ലെന്നു മാത്രമല്ല അങ്ങനെ തന്നെയാണു ചെയ്യേണ്ടതും. ഓ.സി.ടേൺ വരുമ്പോൾ ('സദ്യ ആരംഭിക്കുമ്പോൾ') സ്വാഭാവികമായും 'സംവരണഹീനരെ'യും പരിഗണിക്കും. അവിടെ ഒരു 'അനുഭവ'വും അവർക്കുണ്ടാവുന്നില്ല. എന്നുമാത്രമല്ല, മിക്കപ്പോഴും മുകളിൽ വിവരിച്ചപോലെ അനർഹമായ സീറ്റുകൾ അവർക്കു ലഭിക്കുകയും ചെയ്യും എന്നതാണു സത്യം. ഒറ്റ 'സംവരണഹീന'നും അർഹതപ്പെട്ട മെറിറ്റ് സീറ്റുകൾ ലഭിക്കാതെ പോവില്ല. മറിച്ച് അനർഹമായി ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതു കിട്ടില്ല എന്നേയുള്ളൂ.

വാദം 12. "ടേൺ ഏതായാലും സീനിയോരിറ്റിയാണ് പരിഗണിക്കേണ്ടത്. ജനറൽ റിക്രൂട്ട്മെന്റിനുള്ള PSC അപേക്ഷ ഫോമിൽ ജാതി പൂരിപ്പിച്ച് സംവരണത്തിന് താൽപര്യമുണ്ടെന്ന് സമ്മതിക്കുന്ന ഒരാളെ ഏത് ടേണിൽ വിടണമെന്ന് തീരുമാനിക്കുന്നത് റിക്രൂട്ടിംഗ് ഏജൻസിയാണ്. "

അങ്ങനെ റിക്രൂട്ടിങ് ഏജൻസിക്ക് തോന്നിയമാതിരി തീരുമാനിക്കാനൊന്നും സാധിക്കില്ല. നിലവിലുള്ള

നിയമത്തിനനുസരണമായി, നിയമത്തിന്റെ സത്ത ചോർന്നുപോകാതെ വേണം ഉദ്യോഗാർഥിയെ ഏതു ടേണിൽ തിരഞ്ഞെടുക്കണമെന്നു തീരുമാനിക്കേണ്ടത്. ഇപ്പോൾ പി.എസ്.സി ചെയ്യുന്നത് തികച്ചും തെറ്റാണെന്നു വിശദീകരിച്ചു കഴിഞ്ഞ കാര്യമാണ്.

14. " സംവരണടേൺ കുറച്ചിലായി തോന്നുന്നവർ , മെരിറ്റിൽ തന്നെ പോകണമെന്ന് നിർബന്ധമുള്ളവർ സംവരണത്തിന് അവകാശവാദം ഉന്നയിക്കാതിരിക്കണം. ഇനി അതല്ല സംവരണത്തിൽ തന്നെ പോകണമെന്നുണ്ടെങ്കിൽ സ്പെഷ്യൽ റിക്രൂട്ട് മെന്റിൽ മാത്രം അപേക്ഷിക്കുക. അല്ലെങ്കിൽ PSC നിസ്സഹായരാണ്"

ഇവിടെ 'കുറച്ചിലി'ന്റെ കാര്യമെന്തിരിക്കുന്നു? രണ്ടു ടേണിലും പോകാനർഹതയുള്ളവരാണു സംവരണ സമുദായക്കാരായ മെയ്ൻ ലിസ്റ്റുകാർ. മെറിറ്റിൽ പോയില്ലെങ്കിലേ അവരെ സംവരണത്തിൽ പരിഗണിക്കേണ്ടതുള്ളൂ . അല്ലാതെ മാർക്കെത്ര കിട്ടിയാലും സമുദായം എഴുതിപ്പോയെങ്കിൽ സംവരണത്തിലേ പരിഗണിക്കൂ എന്നതു ധിക്കാരമാണ്,'നിസ്സഹായത'യല്ല.

കൂടുതൽ അറിയാൻ ഈ ബ്ലോഗ് സന്ദർശിക്കുക:

Blog: http://mithandreality.blogspot.in/
Facebook: http://facebook.com/sudeshmr